"ഭരണഭാഷ-മാതൃഭാഷ"

**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ ഷീബാ ജോർജ്ജ് IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർ 2017-18-ഹോണറേറിയം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ഈ കാര്യാലയത്തിലെ 19.2.18ലെ ഇതേ നം. ഉത്തരവ്.
2) കോഴിക്കോട് പിഒയുടെ 26.2.18ലെ ബി367/17 നം. കത്ത്.

**ഉത്തരവ് നമ്പർ. ICDS-A6-3884/17 തീയതി: 09.03.2018**

2017-18 സാമ്പത്തിക വർഷം സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് ബാലുശ്ശേരി Adl. സിഡിപിഒയുടെ 6.2.18ലെ അപേക്ഷ പ്രകാരം 84120/- രൂപയും കൊടുവള്ളി സിഡിപിഒയുടെ 23.2.18ലെ അപേക്ഷ പ്രകാരം 3000/- രൂപയും ചേർത്ത് ആകെ 87120/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കോഴിക്കോട് പിഒ അപേക്ഷിച്ചിരിക്കുന്നു.

കോഴിക്കാട് പിഒയുടെ അപേക്ഷ വിശദമായി പരിശോധിച്ചു. ടി അപേക്ഷയിൽ പരാമർശിക്കുന്ന ബാലുശ്ശേരി അഡീഷണൽ സിഡിപിഒയുടെ 6.2.18ലെ ഇമെയിൽ സന്ദേശം ഈ കാര്യാലയത്തിൽ ലഭ്യമാകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടി പ്രോജക്ടിനു കീഴിലുള്ള സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് 84120/- രൂപ (എൺപത്തി നാലായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപാ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊടുവള്ളി പ്രോജക്ടിൽ സ്ക്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി അധികമായി ആവശ്യപ്പെട്ട 3000/- രൂപ (മൂവായിരം രൂപാ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൊടുവള്ളി സിഡിപിഒ പ്രസ്തുത തുക പിൻവലിച്ച് സിഡിപിഒ ഓഫീസ് വഴി ബന്ധപ്പെട്ട സ്ക്കൂൾ കൗൺസിലർമാർക്ക് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യേണ്ടതും ആയതിന്റെ അക്വിറ്റൻസ് രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-62(01)P എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**ഒപ്പ്**
**വനിതാ ശിശു വികസന ഡയറക്ടർ**

സിഡിപിഒ,
കൊടുവള്ളി

പകർപ്പ്:
1. സൂപ്രണ്ടുമാർ, എ, പ്ലാനിംഗ് സെക്ഷനുകൾ
2. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ/ പ്രോഗ്രാം ഓഫീസർമാർ
3. സ്റ്റോക്ക് ഫയൽ
4. ഒ.സി

ഉത്തരവിൻപ്രകാരം

അക്കൗണ്ട്സ് ഓഫീസർ

S ///